# Desabhiamani
# 27 August 2018
# Thiruvananthapuram, After Flood, Rescue Operation

## സൈന്യത്തിന് ഊർജമായത് മലയാളിക്കരുത്ത്

സ്വന്തം ലേഖകൻ

തിരുവനന്തപുരം

പ്രളയക്കെടുതിയിലെ രക്ഷാപ്രവർത്തനത്തിൽ സൈന്യത്തിന്റെ സേവനങ്ങൾക്ക് ഊർജംകൂട്ടിയത് മലയാളിക്കരുത്ത്. ജീവൻ രക്ഷിക്കാനുള്ള നടപടികൾക്ക് മുൻഗണന നൽകി ആവശ്യമറിഞ്ഞുള്ള രക്ഷാപ്രവർത്തനമാണ് വിവിധ സേനകൾ നടത്തിയത്. രക്ഷാപ്രവർത്തനങ്ങളുടെ മുന്നിൽനിന്ന് സംസ്ഥാന സർക്കാരിന്റെ ഏകോപനത്തിൽ എല്ലാ രക്ഷാപ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയത് വ്യോമസേന സതേൺ എയർ കമാൻഡ് കമാൻഡിങ് ഓഫീസർ എയർ ചീഫ് മാർഷൽ ബി സുരേഷ്, കരസേന പാങ്ങോട് ക്യാമ്പിന്റെ കമാൻഡന്റ് ബ്രിഗേഡിയർ സിജി അരുൺ, തീരദേശ രക്ഷാസേനയുടെ വിഴിഞ്ഞം സ്റ്റേഷന്റെ ചുമതലക്കാരൻ കമാൻഡന്റ് വി കെ വർഗീസ്, നാവികസേനയുടെ തിരുവനന്തപുരത്തെ ലെയ്സൺ ഓഫീസർ കമാൻഡർ എസ് സനൂജ് എന്നിവരായിരുന്നു.

വിവിധ സ്ഥലങ്ങളിൽനിന്ന് എത്തുന്ന ഉദ്യോഗസ്ഥർക്കും പൈലറ്റുമാർക്കും പ്രാദേശികമായി മുന്നേറാനും രക്ഷാപ്രവർത്തനം സുഗമമാക്കാനും ഏറെ സഹായമായത് ഈ മലയാളി ഉദ്യോഗസ്ഥരുടെ വിന്യാസമാണ്. ഇതിനൊപ്പം സംസ്ഥാന സർക്കാർ, ജില്ലാ ഭരണകൂടം എന്നിവരുടെ നിർദേശങ്ങളും പിന്തുണയും രക്ഷാപ്രവർത്തനത്തിന് കരുത്തായി. രക്ഷാപ്രവർത്തനത്തിനിടെ മലയാളികളുടെ സമചിത്തതയും പരസ്പരസ്നേഹവും വ്യക്തമാക്കുന്ന അനുഭവങ്ങളാണ് തങ്ങൾക്കുണ്ടായതെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു. സന്നദ്ധ പ്രവർത്തകരുടെ സാന്നിധ്യവും സർക്കാർസംവിധാനങ്ങളുടെ സഹകരണവും അവർ അടയാളപ്പെടുത്തുന്നു.

ഒപ്പം മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർവകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനവും അനുകരണീയമെന്നാണ് ഇവരുടെ വിലയിരുത്തൽ. എല്ലാ ദിവസവും രാവിലെ പത്തിനും വൈകിട്ട് ആറിനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന അവലോകന യോഗങ്ങൾ രക്ഷാപ്രവർത്തനത്തിന്റെ മുൻഗണന നിശ്ചയിക്കുന്നതിൽ വലിയ സഹായമായി. സംസ്ഥാന പൊലീസും അഗ്നിശമനസേനയും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുമൊക്കെ മികച്ച പിന്തുണയാണ് നൽകിയതെന്നാണ് സേനാവിഭാഗങ്ങളുടെ വിലയിരുത്തൽ. ആപത്ഘട്ടത്തിൽ ജനതയാകെ ഒറ്റക്കെട്ടായി രക്ഷാപ്രവർത്തനത്തിനെത്തി.

ഓഖിദുരന്തത്തിൽ തങ്ങളെ സഹായിച്ച സേനയ്ക്കൊപ്പം രക്ഷാപ്രവർത്തനത്തിൽ പങ്കാളികളാകാൻ സ്വമേധയാ തീരുമാനിച്ച മത്സ്യത്തൊഴിലാളികളെ എസ് സൂരജ് പ്രത്യേകം അഭിനന്ദിച്ചു.

കുറഞ്ഞ സമയത്തിനുള്ളിൽ നിർവഹിച്ച ഏറ്റവും വലിയ രക്ഷാപ്രവർത്തനമായാണ് കേരളത്തിലെ പ്രളയദുരിത രക്ഷാപ്രവർത്തനത്തെ വിവിധ സേനകൾ വിലയിരുത്തിയത്.

മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ മനുഷ്യവാസമില്ലാത്ത ഒരു പ്രദേശവുമില്ല. ദിവസങ്ങൾക്കുള്ളിൽ 14 ജില്ലകളിൽ 13 എണ്ണവും ദുരിതത്തിന്റെ പിടിയിലായി. ജനനിബിഡ പ്രദേശങ്ങളിൽ ഒട്ടേറെ പ്രയാസം നേരിടുന്ന അവസ്ഥയിലാണ് സംസ്ഥാനത്തിനൊപ്പം സേനകളും രക്ഷാപ്രവർത്തനത്തിന്റെ ഭാഗമായത്. എല്ലാ വകുപ്പുകളും എല്ലാ സർക്കാർ ഏജൻസികളും നന്നായി സഹകരിച്ചു.

നെടുമ്പാശേരി വിമാനത്താവളത്തിൽ വെള്ളം കയറിയതും രക്ഷാപ്രവർത്തനത്തിന് വലിയ പ്രയാസമുണ്ടാക്കി. എന്നാൽ തിരുവനന്തപുരം, കരിപ്പൂർ വിമാനത്താവളങ്ങളും കൊച്ചിയിലെ ഐഎൻഎസ് ഗരുഡയും ഇത് പരിഹരിക്കാൻ സഹായിച്ചു. രാജ്യത്തുടനീളമുള്ള ഹെലികോപ്റ്ററുകളും രക്ഷാപ്രവർത്തനത്തിന് എത്തിക്കാനായി. കരസേനയുടെ എൻജിനിയറിങ്, മെഡിക്കൽ അടക്കമുള്ള 70 സംഘങ്ങൾ സംസ്ഥാനത്തെത്തി. ആഗസ്ത് എട്ടുമുതൽ 22 വരെ വെള്ളക്കെട്ടുകളിൽമാത്രമാണ് ഇവർ നിന്നത്. 22നാണ് ക്യാമ്പ് ഹൗസുകളിലേക്ക് എത്തിയത്.

ഇത് അഭിമാനകരമായ പ്രവർത്തനമാണെന്ന് സേനാ ഉദ്യോഗസ്ഥർ പറഞ്ഞു. തീരരക്ഷാ സേനയുടെ ബോട്ടുകളിൽ 95 ശതമാനവും രക്ഷാപ്രവർത്തനത്തിന് എത്തിച്ചു. വാട്ടർ അതോറിറ്റിയുടെ പമ്പുഹൗസുകളിലെ അറ്റകുറ്റപ്പണികൾ അടക്കമാണ് നാവികസേനയുടെ മുങ്ങൽവിദഗ്ധർ ഏറ്റെടുത്തത്.

സേനയുടെ മെഡിക്കൽ സംഘങ്ങൾ ഇപ്പോഴും പ്രവർത്തിക്കുന്നു. സഞ്ചരിക്കുന്ന മെഡിക്കൽ സംഘങ്ങൾ കുട്ടനാട്ടിലുണ്ട്. കേരളത്തിന്റെ ഒരുമ അനുകരണീയമാണെന്നാണ് സൈനിക ഉദ്യോഗസ്ഥരുടെ വിലയിരുത്തൽ.